നം. ഇ.എസ്2/7000/2015/ ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
തീയതി: 25/7/2018

# നോട്ടീസ്

വിഷയം:- ആ.വ.ഡ - ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിന് ശ്രീ. സനിൽ കുമാർ ഒ.പി. ഡ്രൈവർ ഗ്രേഡ് 2 താലൂക്ക് ആശുപത്രി പയ്യന്നൂർ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 4/5/2018ലെ കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/7851/2018 നമ്പർ കത്ത്.

2) സ.ഉ. (എം.എസ്) നം 338/2013 ആ.കു.വ തീയതി 25/7/2013

3) 5/9/2013ലെ കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസറുടെ എ2/10557/2013 നമ്പർ ഉത്തരവ്

4)ഉത്തരവ് നം. ഇ.എസ്.2/7000/2015/ആ.വ.ഡ തീയതി 18/9/2015.

ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ സനിൽ കുമാർ ഒ.പി. യുടെ അപേക്ഷ സൂചന (1) പ്രകാരം അയച്ച് തന്നിരിക്കുന്നു.

ശ്രീ. സനിൽ കുമാർ ഒ.പി. ആശ്രിത നിയമനം വഴി സൂചന (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൻെറയും സൂചന (3)പ്രകാരമുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെയും ഉത്തരവിൻെറ അടിസ്ഥാനത്തിൽ 13/9/2013ന് രണ്ടാം ഗ്രേഡ് ഡ്രൈവറായി ജോലിയിൽ പ്രവേശിച്ചു. ടിയാൻെറ ഓപ്ഷൻ ജില്ലയായ കണ്ണൂർ ജില്ലയിൽ ഒഴിവില്ലാത്തതിനാൽ ടിയാന്റെ കോഴിക്കോട് ജില്ലയിൽ നിയമിക്കുകയും തുടർന്ന് കണ്ണൂർ ജില്ലയിൽ ഒഴിവ് വന്ന മുറയ്ക്ക് കണ്ണൂർ ജില്ലയിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തു. 13/9/2015ൽ ടിയാൻ പരിവീക്ഷാകാലം പൂർത്തിയാക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരമുള്ള ഡ്രൈവർമാരുടെ 1/9/2011 മുതൽ 31/12/2014 വരെയുള്ള കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ 111 (എ) ആയി ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദവിവരം താഴെകൊടുക്കുന്നു.

| നം | പേര് | ജനന തിയതി | യോഗ്യത | പി.എസ്.സി.യുടെ ശുപാർശ തിയതി സർക്കാർ ഉത്തരവ്/ഡി.എച്ച്.എസ്. ഡി.എം.ഒ എന്നിവരുടെ നിയമന ഉത്തരവ് | ജോലിയിൽ പ്രവേശിച്ച തീയതി | പുതുക്കിയ റാങ്ക് നമ്പർ | നിലവിലെ റാങ്ക് നമ്പർ | സിനീയോറിറ്റി കണക്കാക്കിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | Anil S. | 12/1/73 | SSLC HGMV HPMV | Adv No. DTD(2)3446/08(6)KPSC/TVM Dtd 4/9/2013 & A2/20211/13/DMO(H) TVM dtd 11/10/13 | 1/11/13 | 111 | | 4/9/13 | |
| 2 | Sanil Kumar O.P. | 19/3/73 | | GO (MS) No. 338/2013/ ആ.കു.വ. തീയതി 25/7/13 A2/10557/13/DHS/Dtd 5/9/13 | 13/9/13 | | 111A | 5/9/13 | |
| 3 | Biju T.O. | 10/2/82 | Plus Two HGMV HPMV | Adv No PII (1) 2126/06/KPSC/PKD/Dtd 23/9/2013 and A2/4036/05/DMO(H) PKD/Dtd 21/10/2013 | 4/11/13 | 112 | | 20/9/13 | |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആക്ഷേപങ്ങൾ ഒന്നും നിലവിലില്ല എന്ന നിഗമനത്തിൽ ആയത് സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്. നിശ്ചിത സമയത്തിനകം ആക്ഷേപങ്ങൾ ഒന്നും ലഭിക്കുന്നില്ലായെങ്കിൽ ആക്ഷേപങ്ങൾ ഒന്നും ഇല്ലായെന്ന നിഗമനത്തിൽ മേൽ താൽകാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

(ഒപ്പ്)

ശ്രീ. അജയമോഹൻ സി.എം.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്:
1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) എച്ച്.ടി. സെക്ഷൻ
5)ഫയൽ / സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ

സുപ്രണ്ട്